DESPATCHED
22/06/2020
13.3.20.

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 2510*(2)/2015*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **17423**/*എസ്.ഐ.സി–ജി 6/15*)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ.പ്രേംകുമാർ എ.എസ്.,
സർവ്വേയർ ഗ്രേഡ് –1 (എച്ച്.ജി.),
സെക്രട്ടറിയുടെ യൂണിറ്റ്, കേരള വാട്ടർ അതോറിറ്റി,
ജലഭവൻ, വെള്ളയമ്പലം, തിരുവനന്തപുരം – 695 033. } **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ,
കേരള വാട്ടർ അതോറിറ്റി, ജലഭവൻ,
തിരുവനന്തപുരം – 695 033.

2. അപ്പീൽ അധികാരി& ചീഫ് എഞ്ചിനീയർ
(എച്ച്.ആർ.ഡി.& ജി.എൽ.), കേരള വാട്ടർ അതോറിറ്റി,
ജലഭവൻ, തിരുവനന്തപുരം – 695 033.

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 25.08.2015 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 01.09.2015 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 07.10.2015 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 20.10.2015 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 13.11.2015 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 13.11.2015 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 30.11.2019 **കമ്മീഷൻ ആസ്ഥാനം,** തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>അപ്പീലധികാരി | ഹാജരായിരുന്നു.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. പ്രേംകുമാർ എ.എസ്.,

13.11.2013ന് സമർപ്പിച്ച അപ്പീൽ ഹർജി അന്നേദിവസം തന്നെ കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.2510(2)/15/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ 20.07.2015ൽ സമർപ്പിച്ച അപേക്ഷയിന്മേൽ യാതൊരുവിധ നടപടികളും സ്വീകരിക്കാത്തതിനാൽ വിവരാവകാശ നിയമപ്രകാരം അപേക്ഷ സമർപ്പിച്ചുവെന്നും ആയതിന് ലഭിച്ച മറുപടിയിൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ സീനിയർ എ.ഒ. ഹെഡ് ഓഫീസിന്റെ പക്കലാണെന്നും ആയത് ലഭ്യമാക്കുന്നതിനായി ടി ഓഫീസിലേയ്ക്ക് ടിയാന്റെ അപേക്ഷ അയച്ചുകൊടുത്തതായി അറിയിച്ചുവെന്നും നാളിതുവരെ ടിയാന് യാതൊരു വിവരവും ലഭിച്ചില്ലെന്നുമാണ്. തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പീലിന് ലഭിച്ച മറുപടിയിൽ ടിയാന്റെ അപേക്ഷയ്ക്കുള്ള മറുപടി 05.10.2015ൽ ടിയാന് ലഭ്യമാക്കിയിട്ടുണ്ടെന്നും ആയതിന്റെ ഒരു പകർപ്പ് ഉള്ളടക്കം ചെയ്ത മറുപടിയാണ് ലഭിച്ചതെന്നും തെറ്റായതും ചട്ട വിരുദ്ധമായതുമായ വിവരം നൽകുകയും യഥാസമയം മറുപടി നൽകാതെ കാലതാമസം വരുത്തിയ എതിർകക്ഷികളിൽ നിന്നും നഷ്ടപരിഹാരം ഈടാക്കി നൽകണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 25.08.2015ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, വാട്ടർ അതോറിറ്റിയിൽ 2014ലെ മെഡിക്കൽ റീഇംപേഴ്സ് നൽകുവാൻ മേലധികാരി പുറത്തിറക്കിയ ഉത്തരവിന്റെ പകർപ്പ് നൽകണമെന്നും ഹെഡ് ഓഫീസിൽ പ്രവർത്തിക്കുന്ന സെക്രട്ടറീസ് യൂണിറ്റിലെ ടിയാനും കൂടി ഉൾപ്പെടുന്ന ജീവനക്കാർക്ക് മെഡിക്കൽ റീഇമ്പേഴസ്മെന്റ് നൽകിയത് രേഖപ്പെടുത്തിയിരിക്കുന്ന രജിസ്റ്ററിൽ ടിയാന്റെ പേര് ഉൾപ്പെടുത്തിയിരിക്കുന്ന പേജിന്റെ പകർപ്പ് തുടങ്ങി 6 ഇനങ്ങളിലായുള്ള വിവരങ്ങളാണ്. ആയതിന് 01.09.2015ന് നൽകിയ മറുപടിയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങളുടെ/രേഖകളുടെ സൂക്ഷിപ്പ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഹെഡ് ഓഫീസ്, കേരള വാട്ടർ അതോറിറ്റി, തിരുവനന്തപുരത്തിന്റെ പക്കൽ ആയതിനാൽ ടിയാന്റെ അപേക്ഷ പ്രസ്തുത ഓഫീസിലേയ്ക്ക് അയച്ചുകൊടുത്തിട്ടുണ്ടെന്നും പ്രസ്തുത ഓഫീസിൽ നിന്നും ലഭ്യമാകുമെന്നുമാണ്.

4. രണ്ടാം എതിർകക്ഷി 08.12.2015ന് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരനുൾപ്പെടെ കേരള വാട്ടർ അതോറിറ്റിയുടെ കേന്ദ്ര കാര്യായത്തിൽ ജോലി ചെയ്യുന്ന എല്ലാ ജീവനക്കാരുടെയും 2014ലെ മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് ടി കാര്യാലയത്തിൽനിന്നും 02.02.2015ൽ ഉത്തരവായിട്ടുണ്ടെന്നും ടി ഉത്തരവിൽ ഹർജിക്കാരന് അനുവദനീയമായ തുകയിൽ പിശക് പറ്റിയിട്ടുള്ളതായി ടി ഓഫീസിന്റെ ശ്രദ്ധയിൽപ്പെടുകയും അതോടൊപ്പം ടിയാൻ ഇക്കാര്യം കാണിച്ചുകൊണ്ട് 20.07.2015ലും 11.08.2015ലും പരാതി സമർപ്പിച്ചുവെന്നുമാണ്. ആയതുപ്രകാരം അനുവദനീയമായ തുകയിൽ തിരുത്തൽ വരുത്തിക്കൊണ്ട് 11.08.2015ൽ ഉത്തരവായെന്നും ടി കാര്യം ഹർജിക്കാരനെ അറിയിച്ചിട്ടുണ്ടെന്നുമാണ്. എന്നാൽ ഹർജിക്കാരൻ ഇതൊന്നും മാനിക്കാതെ 07.09.2015ൽ വിവരാവകാശ നിയമപ്രകാരം ഒരു അപേക്ഷ നൽകുകയും ആയതിനുള്ള മറുപടി ടി കാര്യാലയത്തിൽ നിന്നും നൽകിയിട്ടുണ്ടെന്നും ഫീസൊടുക്കാൻ ആവശ്യപ്പെട്ടതു പ്രകാരം ടിയാൻ ഫീസൊടുക്കിയതായി അറിയിച്ചതിനെ തുടർന്ന് പകർപ്പുകൾ 17.11.2015ൽ ടിയാന് നൽകിയിട്ടുണ്ടെന്നുമാണ്. എന്നാൽ ടി അപേക്ഷയ്ക്കുള്ള മറുപടി ലഭിച്ചിട്ടില്ല എന്നു കാണിച്ചുകൊണ്ട് വീണ്ടും 09.10.201ൽ സമർപ്പിച്ച അപ്പീലിനും 20.10.2015ൽത്തന്നെ മറുപടി ലഭ്യമാക്കിയിട്ടുണ്ടെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും 27.11.2019ലെ റിപ്പോർട്ടും പരിശോധിച്ചതിലും ഇരുകക്ഷികളെയും നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് സമയബന്ധിതമായി ഒന്നാം എതിർകക്ഷി മറുപടി നൽകിയതായി കമ്മീഷൻ വിലയിരുത്തുന്നു. ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാന്റെ റീ-ഇമ്പേഴ്സ്മെന്റ് തുക കണക്കാക്കിയതിലുള്ള പിശകിനെ സംബന്ധിച്ചാണ് ടിയാൻ പരാതി നൽകിയതെന്നും ടിയാന്റെ അപേക്ഷയ്ക്ക് മറുപടി ലഭ്യമായില്ലെന്നും അപ്പീൽ നൽകിയപ്പോഴാണ് മറുപടി ലഭിച്ചതെന്നും ബഹു.ചീഫ് കമ്മീഷണറുടെ ഉത്തരവ് പ്രകാരം ഇപ്പോൾ എല്ലാ വിവരങ്ങളും നൽകിയിട്ടുണ്ടെന്നുമാണ്. ഹർജിക്കാരന്റെ അപേക്ഷയ്ക്ക് സമയബന്ധിതമായി മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട 6 ഇനങ്ങൾക്ക് 30 ദിവസത്തിനകം മറുപടി സൗജന്യമായി നൽകണമെന്ന്

കമ്മീഷൻ ഉത്തരവാകുന്നു. ആയതിന്റെ പകർപ്പ് കമ്മീഷനും സമർപ്പിക്കണമെന്ന് ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകുന്നു.

6. മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 മാർച്ച് 13–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

STATE INFORMATION COMMISSION ★ KERALA THIRUVANANTHAPURAM ★